# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5508 | | 27.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.മുരളീധരൻ<br>,, എ.പി.അനിൽകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, റോജി എം.ജോൺ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് വേണ്ടി വിശദ രൂപ രേഖ (ഡിപിആർ) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുവാൻ വീണ്ടും ടെൻഡർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ), (ബി), (സി), & (ഡി) | തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് വേണ്ടി വിശദ രൂപ രേഖ (ഡിപിആർ) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുതിനായി നടത്തിയ ടെൻഡറിന്റെ അടിസ്ഥാനത്തിൽ ചുരുക്ക പട്ടികയിൽ ഉൾപ്പെട്ട ആദ്യത്തെ കമ്പനിയായ M/s.Wadia Techno Engg. Services Ltd – നെ N.H.I.D.C.L-ഉം ആസ്സാം PWD യും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായി പിന്നീട് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിയ്ക്ക് അവരുടെ പ്രതികരണം നേരിട്ട് രേഖപ്പെടുത്തുന്നതിന് അവസരം നൽകുന്നതിന് 15/03/2018 ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പനിയുടെ ഹിയറിംഗിനുശേഷം കൺസൾട്ടന്റിനെ തെരഞ്ഞടുക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ബോർഡ് യോഗം കൂടി തുടർ നടപടികൾ തീരുമാനിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | | |
| (സി) | ആദ്യ ടെൻഡറിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികളിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത രണ്ടാമത്തെ കമ്പനിയെ സ്മാർട്ട് സിറ്റിയുടെ കൺസൾട്ടന്റായി നിയമിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | പുതിയ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് പുതിയ ടെൻഡർ ക്ഷണിക്കുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം അനന്തമായി നീളുകയില്ലേ; വ്യക്തമാക്കുമോ; | | |
| (ഇ) | നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ നേരിട്ട് നടത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് സ്വയം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; അറിയിക്കുമോ; | (ഇ) | പദ്ധതികളുടെ നിർവ്വഹണത്തിന് നിലവിൽ പ്രതിസന്ധികൾ ഇല്ല. പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായി അടിയന്തിരമായി സ്മാർട്ട് ബസ്സ് ഷെൽട്ടറുകളുടെ നിർമ്മാണം, കുടിവെള്ള കിയോസ്കുകൾ, പൊതു ശൗചാലയങ്ങളുടെ നവീകരണം എന്നീ മൂന്ന് പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. ഈ മൂന്ന് പദ്ധതികൾ സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ വകയിരുത്തിയിട്ടുള്ള യു.എൽ.ബി ഷെയറിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. |
| (എഫ്) | സ്മാർട്ട് ബസ്സ് സ്റ്റോപ്പുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | (എഫ്) | സ്മാർട്ട് ബസ്സ് ഷെൽട്ടറുകളുടെ വിശദ രൂപരേഖ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ